**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275** **08-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സർക്കാർ ഡെന്റൽ കോളേജിൽ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് 1945 ലെ ചട്ടങ്ങൾ പാലിക്കാതെ നിശ്ചിത യോഗ്യത ഇല്ലാത്ത ജീവനക്കാർ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്നതായി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഡ്രഗ്സ് കൺട്രോളർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ പകർപ്പ് **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ഡ്രഗ്സ് കൺട്രോളറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള 5 സർക്കാർ ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഓരോ ദന്തൽ കോളേജുകളിലും ഓരോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടേയും, 3 ഫാർമസിസ്റ്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റെ പകർപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് പാലിച്ച് സംസ്ഥാനത്തെ സർക്കാർ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്നതിന് ഫാർമസി വിഭാഗം ആരംഭിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള 5 സർക്കാർ ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഓരോ ദന്തൽ കോളേജുകളിലും ഓരോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടേയും, 3 ഫാർമസിസ്റ്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റെ പകർപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ ആറ് സർക്കാർ ഡെന്റൽ കോളേജുകളിലും നിശ്ചിത യോഗ്യതയുള്ള ഫാർമസിസ്റ്റുമാരെ നിയമിച്ച് മരുന്ന് സംഭരണം | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള 5 സർക്കാർ ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഓരോ |

| | | | |
|---|---|---|---|
| | നിയമാനുസൃതമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | ദന്തൽ കോളേജുകളിലും ഓരോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടേയും, 3 ഫാർമസിസ്റ്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റെ പകർപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

DC/9484/2022-A
HEALTH-F1/30/2023-HEALTH

അനുബന്ധം – I



6850898/2023/HEALTH(OS)
I/20406/2023

ഭരണഭാഷ മാതൃഭാഷ

നം. DC/9484/2022-A

ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം.
റെഡ് ക്രോസ് റോഡ്, വഞ്ചിയൂർ
തിരുവനന്തപുരം - 695 035.
ഫോൺ: 0471-2471896
ഇ-മെയിൽ : dc.drugs@kerala.gov. in
വെബ് സൈറ്റ് . www.dc.kerala.gov. in
തീയതി: 05-01-2023

HEALTH AND FAMILY WELFARE DEPT.
10 JAN 2023
GOVT. SECRETARIAT

ഡ്രഗ്സ് കൺട്രോളർ,
കേരളം.

പ്രിൻസിപ്പൽ സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- ഡ്രഗ്സ് കൺട്രോൾ വകുപ്പ് - കേരളത്തിലെ ഡെന്റൽ കോളേജുകളിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിന് ഫാർമസി വിംഗ് രൂപീകരിക്കുന്നത് - സംബന്ധിച്ച്

1. കേരള ഗവണ്മെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ കത്ത്

സൂചന:- 2. തിരുവനന്തപുരം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ഡ്രഗ്സ് ഇൻസ്പെക്ടർ മേഖല - 1, തിരുവനന്തപുരം ഗവണ്മെന്റ് ഡെന്റൽ കോളേജിൽ 26/09/2022- ന് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്

മേൽ വിഷയത്തിലേക്കും സൂചന കത്തുകളിലേക്കും സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. കോടിക്കണക്കിന് രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്ന കേരളത്തിലെ ഡെന്റൽ കോളേജുകളിൽ ഇതുവരെ ഫാർമസി വിംഗ് രൂപീകരിച്ചിട്ടില്ല. മരുന്നുകൾ സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും Registered pharmasict ന്റെ മേൽനോട്ടത്തിലാകണമെന്ന് Drugs Rules 1945 - ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഡെന്റൽ കോളേജുകളിൽ ഡ്രഗ്സ് & കോസ്മെറ്റിക് ചട്ടങ്ങൾക്ക് വിരുദ്ധമായി Registered pharmasict ന്റെ അഭാവത്തിൽ ഇവ കൈകാര്യം ചെയ്യുന്നത് സീനിയർ ഡെന്റൽ ഹൈജീനിസ്റ്റ് എന്ന പദവിയിലുള്ള ആളാണെന്ന് സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

DRUGS CONTROLLER AND LICENSING AUTHORITY
KERALA

വിശ്വസ്തതയോടെ,

[redacted]

1/20406/2023

DRUGS CONTROLLER AND LICENSING AUTHORITY
KERALA

Signed by
P.m. Jayan
Date: 05-01-2023 10:49:23

പകർപ്പ് : (അറിവിലേക്കായി)

1. സെക്രട്ടറി
   കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷൻ
   ടി.സി. 94/2466(1), വിവേകാനന്ദ നഗർ,
   വഞ്ചിയൂർ.പി.ഒ. തിരുവനന്തപുരം- 695035.
2. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

5852627/2022/HEALTH(OS)

HEALTH-B2/26/2022-HEALTH

അനുബന്ധം – VI

File No.DME/4963/2021-P2

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ. /4963/2021/മെ.വി.വ-പി2

തീയതി: 22/01/2022

സ്വീകർത്താവ്,

അഡിഷണൽ ചീഫ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തിരുവനന്തപുരം

B

മാഡം,

വിഷയം : മെ വി വ -ആസൂത്രണം -ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച്

സൂചന : 12/10/2021 തീയതിയിലെ നമ്പർ.25/2021/കെ ജി പി എ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡെന്റൽ കോളേജുകളിൽ നാളിതുവരെ ഫാർമസി വിഭാഗം രൂപീകൃതമായിട്ടില്ല .പ്രസ്തുത കോളേജുകളിൽ കോടിക്കണക്കിനു രൂപയുടെ മരുന്നും അനുബന്ധ വസ്തുക്കളും സംഭരിച്ച് വിനിയോഗിച്ച് വരികയാണ് .1948 ലെ ഫാർമസി ആക്ട് സെക്ഷൻ 42 പ്രകാരം മരുന്നുകൾ കൈകാര്യം ചെയ്യേണ്ടത് ഫാർമസിസ്റ്റുകൾ മാത്രമായതിനാൽ ഒരു ഫാർമസി വിംഗ് രൂപികരിക്കേണ്ടത് അത്യാവശ്യമാണ് .

മേൽ സാഹചര്യത്തിൽ വകുപ്പിന് കീഴിൽ നിലവിലുള്ള 5 സർക്കാർ ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി ഓരോ ഡെന്റൽ കോളേജുകളിലും ഓരോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെയും 3 ഫാർമസിസ്റ്റുമാരുടെയും തസ്തികകൾ സൃഷ്ടിച്ച് ഫാർമസി വിഭാഗം രൂപികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
ഡയറക്ടർക്ക് വേണ്ടി

Signature valid
SENIOR FINANCE OFFICER
Digitally signed by Shyla Beevi S
Date: 2022.01.22 ..:34:47 IST
Reason: Approved

Section officer